പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2367 | 19.03.2015- ൽ മറുപടി നല്കേണ്ടത്: |
|---|---|

**<u>പാക്കറ്റ് വെളിച്ചെണ്ണയിൽ മായം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു.എം പാലിശ്ശേരി. | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് വെളിച്ചെണ്ണകളിൽ പലതും അപകടകരമാംവിധം മായം കലർന്നതാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അതുപ്രകാരമുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) | സംസ്ഥാനത്ത് വിൽക്കുന്ന വെളിച്ചെണ്ണയിൽ മായം കലർന്നതാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായ മുഴുവൻ വെളിച്ചെണ്ണകളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയയ്ക്കുവാനുള്ള നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. മുഴുവൻ പരിശോധനാ ഫലങ്ങളും ലഭ്യമായിട്ടില്ല. |
| സി) | ഭക്ഷ്യ വസ്തുക്കളിൽ ശരീരത്തിന് ദോഷകരമാംവിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലേക്ക്, വെളിച്ചെണ്ണയിൽ മായം കണ്ടെത്തുന്നതിനുള്ള അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിക്കുവാൻ, അത്യാന്താധുനിക സൗകര്യമുള്ള എറണാകുളത്തെ കേന്ദ്രസർക്കാർ സ്ഥാപനമായ Coconut Development Board Lab- ന്റെ സേവനം ഭക്ഷ്യസുരക്ഷാവകുപ്പ് ഉപയോഗപ്പെടുത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ